ഓരോ മത്സ്യക്കർഷക വികസന ഏജൻസി മുഖാന്തിരം നൽകുന്ന സബ്സിഡികൾ ചുവടെ ചേർക്കുന്നു :

1. നിർമ്മാണ നവീകരണ പദ്ധതി.
2. ഇൻപുട്ട് സബ്സിഡിയായി പരമാവധി 3000 രൂപ ഹെക്ടർ ഒന്നിന് നൽകുന്നു.
3. പരിശീലനം നൽകുന്നതിനുള്ള സഹായം ഒരു ദിവസത്തിന് 25 രൂപയും യാത്രാ ബത്ത 2 ദിവസത്തേക്ക് 140 രൂപയും നൽകുന്നു.

സംസ്ഥാനത്തെ ചെമ്മീൻ കൃഷി വികസനം നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസി പ്രവർത്തിച്ചുവരുന്നു.

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാനസർക്കാരിന്റെയും പദ്ധതി വിഹിതം ഉപയോഗിച്ച് പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻകൃഷി പദ്ധതി നടപ്പാക്കുന്നതിന് കുട്ടനാടൻ പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇത് അഡാക്ക് (ADAK) മുഖാന്തിരം നടപ്പാക്കുന്നതാണ്.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

ജലമേഖലയിൽ പത്താം പദ്ധതി ലക്ഷ്യംവച്ചിട്ടുള്ള പരിഷ്ക്കാരങ്ങൾ

5 (*771) ശ്രീ. പി. ജയരാജൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലമേഖലയിൽ സംസ്ഥാനത്തിന്റെ പത്താം പദ്ധതി ലക്ഷ്യം വച്ചിട്ടുള്ള പരിഷ്ക്കാരങ്ങൾ വിശദമാക്കാമോ ;

(ബി) ഈ പരിഷ്ക്കാരങ്ങൾ സംബന്ധിച്ച് ഏതെല്ലാം ഏജൻസികളാണ് നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളത് ;

(സി) നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തി നദികളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ജലമനേജ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) പ്രദേശിക ഗവൺമെന്റുകൾക്ക് എന്തെല്ലാം ചുമതലകളും അധികാര അവകാശങ്ങളും വിട്ടുകൊടുക്കാനുദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ജലമേഖലയിൽ സംസ്ഥാനത്തിന്റെ പത്താം പദ്ധതി ലക്ഷ്യം വച്ചിട്ടുള്ള പരിഷ്ക്കാരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ബി) ജലസേചന മേഖലയിൽ സർക്കാർ തലത്തിലുള്ള നിർദ്ദേശ പ്രാകരമാണ് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) നദികളുടെ സംരക്ഷണത്തിനായി ഒരു റിവർ ബേസിൻ ഓർഗനൈസേഷൻ രൂപീകരിച്ച് പഠനം നടത്താൻ പത്താം പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. അതിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) തീരുമാനം എടുത്തിട്ടില്ല.

റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണം

6 (*772) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽവേ ലൈനുകൾ വൈദ്യുതികരിക്കുന്നതിന് ആവശ്യമായ വൈദ്യുതി നൽകാൻ ഇന്നത്തെ നിലയിൽ ഇലക്ട്രിസിറ്റി ബോർഡിന് കഴിയുമോ ;

(ബി) ഇതിനായി എത്ര മെഗാവാട്ട് വൈദ്യുതി ദിവസവും നൽകേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനുവേണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇപ്പോൾ വൈദ്യുതികരിച്ച ലൈനുകളിലേക്ക് എത്ര വൈദ്യുതി നൽകുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ഇ) ഇനിയും കൂടുതൽ സ്ഥലങ്ങളിലേക്ക് വൈദ്യുതീകരണം വ്യാപിപ്പിക്കുമ്പോൾ ആവശ്യമായി വരുന്നതനുസരിച്ച് വൈദ്യുതി നൽകാമെന്ന് ബോർഡ് ഉറപ്പ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) കഴിയും.

(ബി) ഇതിനായി 53.8 എം. വി. എ. വൈദ്യുതി വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[31-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5(771) കാണുക]

ജലമേഖലയിൽ സംസ്ഥാനത്തിന്റെ പത്താം പദ്ധതി ലക്ഷ്യം വച്ചിട്ടുള്ള പരിഷ്ക്കാരങ്ങൾ

1. അഞ്ചാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിക്കുകയും അധികമായി വിനിയോഗിക്കുകയും ചെയ്ത നിർമ്മാണത്തിലിരിക്കുന്ന വൻകിടജലസേചന പദ്ധതികൾ പൂർത്തീകരിക്കുക.

2. നിർമ്മാണത്തിലിരിക്കുന്ന ഇടത്തരം പദ്ധതികൾ ഈ പ്ലാൻ പിരീഡിൽ തന്നെ പൂർത്തീകരിക്കുക.

3. സംസ്ഥാനത്ത് രൂക്ഷമായ ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുക.

4. അഞ്ചാം പഞ്ചവത്സര പദ്ധതിക്ക് മുമ്പായി തുടങ്ങിയതും 2002 മാർച്ചിൽ 'വൈൻഡ് അപ്' ചെയ്തതായി കണക്കാക്കിയിട്ടുള്ളതുമായ പദ്ധതികൾ 2003-04 സാമ്പത്തിക വർഷത്തിലെ 'വൈൻഡിംഗ് അപ്പ് ഓഫ് പ്രോജക്ട്' പദ്ധതി വിഹിതം ഉപയോഗിച്ച് പണി പൂർത്തീകരിക്കുക.

5. സംസ്ഥാനത്തെ പത്താം പദ്ധതി ലക്ഷ്യംവെച്ച് ചെറുകിട ജലസേചന മേഖലയിലും വെള്ളപ്പൊക്കനിവാരണ മേഖലയിലും കടലാക്രമണനിരോധന മേഖലയിലും ഉൾനാടൻ ജലഗതാഗത മേഖലയിലും മറ്റു പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

അനുബന്ധം II

[31-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 11 (777) കാണുക]

മത്സ്യഫെഡ് നിലവിലുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതും കൂടാതെ താഴെ പറയുന്ന പുതിയ പരിപാടികൾക്കുടി ഉടൻതന്നെ ഏറ്റെടുത്തു നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

1. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ ന്യായമായ വിലയ്ക്ക് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾവഴി വിതരണം ചെയ്യുന്നതിനായി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ മിനറൽസ് ആന്റ് മെറ്റൽസ് ട്രേഡിംഗ് കോർപ്പറേഷൻ വഴി മണ്ണെണ്ണ ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

2. ദീർഘകാലമായി പ്രവർത്തനരഹിതമായി കിടന്ന ഗവൺമെന്റ് ഐസ് പ്ലാന്റുകളുടെ പുനരുദ്ധാരണം മത്സ്യഫെഡ് നിർവ്വഹിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഐസ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly